# അശമന്നൂർ ഗ്രാമപഞ്ചായത്ത്

## മാലിന്യമുക്ത നവകേരളം ക്യാമ്പയിൻ

# ജനകീയ ഹരിത ഓഡിറ്റ് റിപ്പോർട്ട്



SUCHITWA MISSION
LOCAL SELF GOVERNMENT DEPARTMENT KERALA

LSGD

ഹരിതകേരളം മിഷൻ

കുടുംബശ്രീ

KILA

നവ കേരളം കർമപദ്ധതി

# അശമന്നൂർ ഗ്രാമപഞ്ചായത്ത്

## മാലിന്യമുക്ത നവകേരളം ക്യാമ്പയിൻ

## **ജനകീയ ഹരിത ഓഡിറ്റ് റിപ്പോർട്ട്**

തയ്യാറാക്കിയത് : സോഷ്യൽ ഓഡിറ്റ് ടീം അശമന്നൂർ ഗ്രാമപഞ്ചായത്ത്



# അശമന്നൂർ ഗ്രാമപഞ്ചായത്ത്

## മാലിന്യമുക്ത നവകേരളം ക്യാമ്പയിൻ

## ജനകീയ ഹരിത ഓഡിറ്റ്
## റിപ്പോർട്ട്

തയ്യാറാക്കിയത് : സോഷ്യൽ ഓഡിറ്റ് ടീം അശമന്നൂർ ഗ്രാമപഞ്ചായത്ത്

| ഉള്ളടക്കം | | |
|---|---|---|
| ക്രമ നമ്പർ | വിഷയം | പേജ് നമ്പർ |
| 1 | ആമുഖം | 4 |
| 2 | പൊതു വിവരങ്ങൾ | 5 |
| 3 | തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ശുചിത്വം, മാലിന്യ സംസ്കരണ സംവിധാനങ്ങൾ, ഗ്രീൻ പ്രോട്ടോകോൾ | 6 |
| 4 | അജൈവ മാലിന്യം തരം തിരിക്കൽ, വാതിൽപ്പടി സേവനം | 8 |
| 5 | പൊതു ഇടങ്ങൾ, ജലാശയങ്ങൾ ശുചിത്വ സ്ഥിതി | 9 |
| 6 | ബൾക്ക് വേസ്റ്റ് ജനറേറ്റേഴ്സ് | 11 |
| 7 | നിയമ നടപടികൾ | 11 |
| 8 | ഹരിതകർമ്മ സേന | 11 |
| 9 | ക്യാമ്പയിൻ പ്രവർത്തനങ്ങൾ | 13 |
| 10 | ഗ്രീൻ പ്രോട്ടോക്കോൾ | 15 |
| 11 | ഹരിതസഭ റിപ്പോർട്ട്, പൊതു വിലയിരുത്തൽ, നിർദേശങ്ങൾ | 16 |
| 12 | 2023 – 24 ഏറ്റെടുത്ത പ്രൊജെക്ടുകൾ | 20 |
| 13 | ഓഡിറ്റ് ടീം അംഗങ്ങളുടെ വിവരങ്ങൾ | 21 |
| 14 | ഉപസംഹാരം | 22 |

# 1. ആമുഖം

തദ്ദേശ സ്ഥാപനം നേരിടുന്ന പ്രധാനപ്പെട്ട വെല്ലുവിളിയാണ് ശാസ്ത്രീയമായ മാലിന്യ സംസ്കരണം. എല്ലാ വിഭാഗം ജനങ്ങളുടെയും പൂർണ്ണ സഹകരണത്തോടും പങ്കാളിത്തത്തോടും മാത്രമേ തദ്ദേശ സ്ഥാപന തലത്തിൽ ഇത് നടപ്പിലാക്കുവാൻ സാധിക്കൂ. ജൈവ മാലിന്യത്തിന്റെ ശാസ്ത്രീയമായ ഉറവിട സംസ്കരണം, അജൈവ മാലിന്യം യൂസർ ഫീ നൽകി ഹരിത കർമ്മ സേനയ്ക്ക് കൈമാറൽ, ഖര ദ്രവ്യ മാലിന്യ സംസ്കരണം, ഹരിത പെരുമാറ്റ ചട്ടം പാലിക്കൽ (ഗ്രീൻ പ്രോട്ടോകോൾ) എന്നിവ വേണ്ടുംവിധം നടപ്പിലാക്കിയാൽ മാത്രമേ മാലിന്യ മുക്ത ഗ്രാമപഞ്ചായത്ത് എന്ന ലക്ഷ്യം കൈവരിക്കുവാൻ നമുക്ക് കഴിയൂ. ഇതിനായി ഒത്തൊരുമിച്ച് ഒരേ മനസോടെ പ്രവർത്തിക്കാം.

**ജനകീയ ഹരിത ഓഡിറ്റിന്റെ ലക്ഷ്യങ്ങൾ**

1. നവ കേരളം മാലിന്യ മുക്ത കേരളം ക്യാമ്പയിന്റെ ഭാഗമായി സർക്കാർ ഉത്തരവിലൂടെ നൽകിയ നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്തിൽ ഫലപ്രദമായി നടപ്പാക്കിയിട്ടുണ്ടോ എന്ന് ജനകീയ സമിതി വിലയിരുത്തുക
2. മാലിന്യ പരിപാലനം സംബന്ധിച്ച ജനകീയ വിദ്യാഭ്യാസ പരിപാടി ജനകീയ ഓഡിറ്റിന് പ്രയോജനപ്പെടുത്തുക
3. ഗ്രാമപഞ്ചായത്തിന്റെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളെ കാര്യക്ഷമവും സുതാര്യവും ആക്കുക

ജനകീയ ഓഡിറ്റിങ്ങ് എന്ന പ്രക്രിയ പൂർത്തികരിച്ചത് തികച്ചും ജനകീയമായിട്ടാണ്. താഴെ പറയുന്നവയിൽക്കൂടി ലഭിച്ച വിവരങ്ങളും നിർദ്ദേശങ്ങളും സോഷ്യൽ ഓഡിറ്റ് തയ്യാറാക്കുന്നതിന് സഹായിച്ചു.

1. സ്ഥിതി വിവര കണക്കുകൾ : (ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ചത് )
2. വാർഡ് തല ആരോഗ്യ ശുചിത്വ സമിതി റിപ്പോർട്ട്
3. ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ : (ഹരിത കർമ്മ സേന, കുടുംബശ്രീ തൊഴിലുറപ്പ് പദ്ധതി), വ്യാപാരി വ്യവസായി, സന്നദ്ധ സംഘടനകൾ, ആശാ പ്രവർത്തകർ തുടങ്ങിയവ)
4. സാമ്പിൾ സർവ്വേ
5. ഹരിത സഭ റിപ്പോർട്ട്
6. സ്വയം വിലയിരുത്തൽ ഫോറം – (പൊതു സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ, സർക്കാർ ഓഫീസുകൾ, കുടുംബശ്രീ)

# 2. പൊതു വിവരങ്ങൾ

| | |
|---|---|
| **ജില്ല** | : എറണാകുളം |
| **താലൂക്ക്** | : കുന്നത്തുനാട് |
| **ആകെ വാർഡുകൾ** | : 14 |
| **ആകെ വീടുകൾ** | : 6630 |
| **ഒഴിഞ്ഞു കിടക്കുന്ന വീടുകൾ** | : 352 |
| **ആൾ താമസമുള്ള വീടുകൾ** | : 6278 |
| **സ്ഥാപനങ്ങൾ** | : ഗ്രാമപഞ്ചായത്ത് ഓഫീസ് |
| **സർക്കാർ / പൊതു സ്ഥാപനങ്ങൾ** | : വില്ലേജ് ഓഫീസ് |
| | : കൃഷി ഭവൻ |
| | : പ്രാഥമിക ആരോഗ്യകേന്ദ്രം |
| | : ആയുർവേദ ഡിസ്പെൻസറി |
| | : മൃഗാശുപത്രി |
| | : ഹോമിയോ ആശുപത്രി |
| | : ഗവ. ഹൈ സ്കൂൾ, കല്ലിൽ |
| | : ഗവ ഹയർ സെക്കണ്ടറി സ്കൂൾ, കല്ലിൽ |
| | : ഗവ ഹയർ സെക്കണ്ടറി സ്കൂൾ, ഓടക്കാലി |
| | : ഗവ യു പി  സ്കൂൾ, അശമന്നൂർ |
| | : സുഗന്ധ വിള ഗവേഷണ കേന്ദ്രം, ഓടക്കാലി |
| | : അങ്കണവാടികൾ – 19 എണ്ണം |
| | : കെ എം പി കോളേജ്, പൂമല |
| **ബാങ്കുകൾ** | : സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ |
| | : സർവീസ് സഹകരണ ബാങ്ക് അശമന്നൂർ |
| | : അഗ്രികൾച്ചറൽ ഇമ്പ്രൂവ്മെന്റ് സൊസൈറ്റി, അശമന്നൂർ |
| **കുടുംബശ്രീ അയൽ കൂട്ടങ്ങളുടെ എണ്ണം** | : 206 |
| **അങ്കങ്ങളുടെ എണ്ണം** | : 2872 |
| **കടകൾ** | : 1192 |
| **വാണിജ്യ സ്ഥാപനങ്ങൾ** | : 14 |
| **സംരംഭങ്ങൾ** | : 257 |
| **ആരാധനാലയങ്ങൾ** | : 38 |
| **ഓഡിറ്റോറിയം** | : 8 |
| **ഗ്രൗണ്ട്** | : 6 |
| **ജലാശയങ്ങൾ** | : കുളം – 19, ചിറ – 26, തോട് – 26, ചെക്ക് ഡാം – 1 |
| **പ്ലൈവുഡ് കമ്പനികൾ** | : 48 എണ്ണം |
| **അതിഥി തൊഴിലാളി താമസ കേന്ദ്രങ്ങളുടെ എണ്ണം** | : 108 |
| **അതിഥി തൊഴിലാളികളുടെ ജന സംഖ്യ** | : 2181 |
| **വൃദ്ധ സദനങ്ങൾ** | : 1 |
| **ബഡ്സ് സ്കൂൾ** | : 1 |

# 3. തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ശുചിത്വം, മാലിന്യ സംസ്കരണ സംവിധാനങ്ങൾ, ഗ്രീൻ പ്രോട്ടോകോൾ

തദ്ദേശ സ്വയം ഭരണ സ്ഥാപന ഓഫീസിന്റെ ശുചിത്വ മാലിന്യ സംസ്കരണ അവസ്ഥ

| | | | |
|---|---|---|---|
| ആകെ ജീവനക്കാരുടെ എണ്ണം | | | 23 |
| ജൈവ മാലിന്യ സംസ്കരണ സംവിധാനം | സംവിധാനത്തിന്റെ പേര് | | ബയോ കമ്പോസ്റ്റ് |
| | പ്രതിദിന ശേഷി (കിലോ ഗ്രാമിൽ) | | 1 |
| അജൈവ മാലിന്യം (ഉണ്ട് / ഇല്ല, ഉണ്ടെങ്കിൽ സംവിധാനത്തിന്റെ പേര് ) | പുനചംക്രമണ സാധ്യമായവക്കുള്ള സംവിധാനം | | |
| | അപകടകരമായ മാലിന്യങ്ങൾ (ബൾബ്, ട്യൂബ്, ബാറ്ററി തുടങ്ങിയവ) കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനം | | |
| | ഇ – വേസ്റ്റ് കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനം | | |
| | സാനിറ്ററി പാഡ് കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനം | | |
| ശുചിമുറികൾ | ജീവനക്കാർ (എണ്ണം) | പുരുഷന്മാർ | 1 |
| | | സ്ത്രീകൾ | 1 |
| | | ട്രാൻസ്ജെൻഡർസ് | 0 |
| | | ഭിന്നശേഷിക്കാർ | 0 |
| | പൊതുജനങ്ങൾ (എണ്ണം) | പുരുഷന്മാർ | 1 |
| | | സ്ത്രീകൾ | 1 |
| | | ട്രാൻസ്ജെൻഡർസ് | |
| | | ഭിന്നശേഷിക്കാർ | |

ജൈവ മാലിന്യ സംസ്കരണത്തിന് ബയോബിൻ ഉണ്ട്. അജൈവ മാലിന്യങ്ങൾ, അപകടകരമായ മാലിന്യങ്ങൾ എന്നിവ ഹരിത കർമ്മ സേനയ്ക്ക് കൈമാറുന്നുണ്ട്. ഓഫീസിൽ ഗ്രീൻ പ്രോട്ടോകോൾ പാലിക്കുന്നുണ്ട്. പൊതുജനങ്ങൾക്കായുള്ള ശുചിമുറിയിൽ പുരുഷൻമാർ / സ്ത്രീകൾ ബോർഡുകൾ സ്ഥാപിക്കണം.

| സ്ത്രീകൾ | പുരുഷന്മാർ | ആകെ ജീവനക്കാർ |
|---|---|---|
| 14 | 9 | 23 |

**ജൈവ മാലിന്യ സംസ്കരണം – 100%**

| | | |
|---|---|---|
| 2023 മാർച്ച് | : | 1020 |
| 2023 ജൂൺ | : | – |
| ആകെ | : | 1020 |
| കവറേജ് | : | 16.20 % |

**ജൈവ മാലിന്യ സംസ്കരണം**
**വീട്ടുകൾ**

ജൈവ മാലിന്യ ഉപാധികൾ 1020 കുടുംബങ്ങളിൽ ഉണ്ട്. ബയോ ഗ്യാസ് പ്ലാന്റ്, ബയോ ബിൻ, പൈപ്പ് കമ്പോസ്റ്റ് , കുഴി കമ്പോസ്റ്റ് , കലം കമ്പോസ്റ്റ് ബക്കറ്റ് കമ്പോസ്റ്റ് റിംഗ് കമ്പോസ്റ്റ് തുടങ്ങിയവയാണ് ഇവ. ബാക്കി കുടുംബങ്ങൾ വീട്ടുകളിൽ തെങ്ങ് തുടങ്ങിയ വൃക്ഷങ്ങളുടെ ചുവട്ടുകളിൽ നിക്ഷേപിക്കുന്നു. പല വീട്ടുകളിലും ശാസ്ത്രീയമായി സംസ്കരിക്കുന്നില്ല. സ്ഥല പരിമിതിയുള്ള വീട്ടുകളിലാണ് ഉപാധികളുടെ അഭാവം ശാസ്ത്രീയമായ മാലിന്യ പരിപാലനത്തിന് പ്രയാസം സൃഷ്ടിക്കുന്നത്. മാർച്ച് 15 ന് മുൻപ് 1020 കുടുംബങ്ങൾ മാലിന്യ പരിപാലന ഉപാധികൾ ഉണ്ടായിരുന്നു. 5258 കുടുംബങ്ങൾ മാലിന്യ പരിപാലന ഉപാധികൾ ഇല്ലാതെ സംസ്കരിക്കുന്നു.

**നിർദേശങ്ങൾ**

ജൈവ മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കാത്ത വീട്ടുകളിൽ ഉപാധികൾ നൽകുക.

**സ്ഥാപനങ്ങൾ**

| ജൈവ മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിച്ച സ്ഥാപനങ്ങൾ | ജൈവ മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കാത്ത സ്ഥാപനങ്ങൾ |
|---|---|
| 1. ഗവ യു പി സ്കൂൾ, അശമന്നൂർ (കുഴി കമ്പോസ്റ്റ് )<br>2. മൃഗാശുപത്രി (ബയോബിൻ)<br>3. കൃഷിഭവൻ (ബയോബിൻ)<br>4. സുഗന്ധ വിള ഗവേഷണ കേന്ദ്രം (മണ്ണിര കമ്പോസ്റ്റ് – 5 എണ്ണം, റിംഗ് കമ്പോസ്റ്റ് – 1 എണ്ണം)<br>5. പ്രാഥമിക ആരോഗ്യ കേന്ദ്രം അശമന്നൂർ (ബയോബിൻ) | 1. ഗവ വി എച്ച് എസ് സി, ഓടക്കാലി<br>2. ഗവ ഹയർ സെക്കന്ററി സ്കൂൾ, കല്ലിൽ<br>3. വില്ലേജ് ഓഫീസ്, അശമന്നൂർ |

| കച്ചവട സ്ഥാപനങ്ങൾ |
|---|
| റിംഗ് കമ്പോസ്റ്റ് – 5 എണ്ണം<br>കുഴി കമ്പോസ്റ്റ് – 2 എണ്ണം |

ഹോട്ടലുകളിലെ ജൈവ മാലിന്യങ്ങൾ ഫാമുകളിലേക്ക് കൊണ്ടുപോകുന്നുണ്ട്.

**നിർദേശങ്ങൾ**

ജൈവ മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കാത്ത സർക്കാർ / പൊതു സ്ഥാപനങ്ങളിലും വ്യാപാര സ്ഥാപനങ്ങളിലും ജൈവ മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കുന്നതിനായി നോട്ടീസ് നൽകുക.

**ജൈവ മാലിന്യ സംസ്കരണത്തിനുള്ള പൊതു സംവിധാനങ്ങൾ**

ജൈവ മാലിന്യ സംസ്കരണത്തിന് പൊതു സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല

**പൊതു സംവിധാനങ്ങൾ**

എം. സി. എഫ്, മാലിന്യങ്ങൾ തരം തിരിക്കൽ, വാതിൽപ്പടി ശേഖരണം

# 4. അജൈവ മാലിന്യം

**വീടുകൾ**

ആകെയുള്ള 6278 കുടുംബങ്ങളിൽ 1717 കുടുംബങ്ങൾ ഹരിത കർമ്മ സേനയ്ക്ക് യൂസർ ഫീ നൽകി അജൈവ മാലിന്യങ്ങൾ കൈമാറുന്നു. 1, 3, 10, 13 എന്നീ വാർഡുകളിൽ യൂസർ ഫീ നൽകി അജൈവ മാലിന്യം കൈമാറുന്ന കുടുംബങ്ങളുടെ എണ്ണം മറ്റു വാർഡുകൾ അപേക്ഷിച്ച് കുറവാണ്. പല കുടുംബങ്ങളും ഹരിത കർമ്മ സേനയോട് സഹകരിക്കാത്തവരുണ്ട്. ഇത് ഇവരുടെ സുഗമമായ പ്രവർത്തനനത്തിന് പ്രയാസം സൃഷ്ടിക്കുന്നുണ്ട്. എല്ലാ കുടുംബങ്ങളും അജൈവ മാലിന്യം കൈമാറിയാൽ മാത്രമേ മാലിന്യ മുക്ത ഗ്രാമപഞ്ചായത്തായി മാറുകയുള്ളൂ. മാത്രമല്ല ഈ രംഗത്തെ ജോലി ചെയുന്ന ഹരിത കർമ്മ സേന അംഗങ്ങൾക്ക് വരുമാനം ഉണ്ടായി ഈ ജോലിയിൽ തുടരുവാനും സാധിക്കുകയുള്ളൂ. ഇത് വഴി അജൈവ മാലിന്യം വലിച്ചെറിയുന്നത് ഒഴിവാക്കാനും സാധിക്കുകയുള്ളൂ. മാർച്ചിന് മുൻപ് ഹരിത കർമ്മ സേനയ്ക്ക് അജൈവ മാലിന്യം കൈമാറിയ കുടുംബങ്ങളുടെ എണ്ണം വളരെ കുറവായിരുന്നു. 2023 മാർച്ചിന് മുൻപ് 430 വീടുകളും 2023 മാർച്ചിന് ശേഷം 1717 അജൈവ മാലിന്യം നൽകിയ വീടുകൾ അജൈവ മാലിന്യം കൈമാറി.

130 വ്യാവസായിക സ്ഥാപനങ്ങളാണ് ഹരിതകർമ്മ സേനയ്ക്ക് അജൈവ മാലിന്യം യൂസർ ഫീ നൽകി കൈമാറുന്നത്. 2023 മാർച്ചിന് മുൻപ് 30 സ്ഥാപനങ്ങളാണ് അജൈവ മാലിന്യങ്ങൾ കൈമാറിയത്.

| | |
|---|---|
| തരം തിരിക്കൽ | 1717 കുടുംബങ്ങളിൽ തരം തിരിച്ച് ജൈവ മാലിന്യം കൈമാറുന്നു. |
| വാതിൽപ്പടി ശേഖരണം | 1717 കുടുംബങ്ങളിൽ വാതിൽപ്പടി ശേഖരണ സേവനം ലഭിക്കുന്നു. |

| ഹരിത കർമ്മ സേനയുടെ സേവനം ഉപയോഗിക്കുന്ന വീടുകൾ | | | |
|---|---|---|---|
| 2023 മാർച്ച് | കവറേജ് | 2023 ജൂൺ | കവറേജ് |
| 430 | 6.80% | 1717 | 27.34% |

| ഹരിതകർമ്മ സേന (2023 ജൂൺ) | | | |
|---|---|---|---|
| വാർഡ് | വീടുകൾ | സ്ഥാപനങ്ങൾ | മിനി എം. സി. എഫ് |
| 1 | 150 | 10 | 0 |
| 2 | 137 | 12 | 0 |

| | | | |
|---|---|---|---|
| 3 | 4 | 0 | 0 |
| 4 | 219 | 13 | 0 |
| 5 | 112 | 10 | 0 |
| 6 | 81 | 5 | 0 |
| 7 | 112 | 10 | 2 |
| 8 | 148 | 12 | 0 |
| 9 | 200 | 6 | 0 |
| 10 | 75 | 6 | 0 |
| 11 | 135 | 10 | 0 |
| 12 | 90 | 7 | 0 |
| 13 | 80 | 6 | 0 |
| 14 | 174 | 23 | 0 |
| ആകെ | 1717 | 130 | 2 |

കൃഷി ഭവൻ 2023 മാർച്ചിന് ശേഷം 1 തവണയും ആയുർ വേദ ആശുപത്രി 4 തവണയും ആണ് അജൈവ മാലിന്യം കൈമാറിയത്. മറ്റ് ഗവ സ്ഥാപനങ്ങൾ, സ്കൂളുകൾ എന്നിവിടങ്ങളിൽ അജൈവ മാലിന്യം കൈമാറിയതായി കാണുന്നില്ല. 2023 മാർച്ചിന് മുൻപ് 82 തൊഴിലുറപ്പ് തൊഴിലാളി കുടുംബങ്ങളും 2023 മാർച്ചിന് ശേഷം 95 തൊഴിലാളി കുടുംബങ്ങളും അജൈവ മാലിന്യം കൈമാറി.

**മിനി എം. സി. എഫ്**

2 മിനി MCF കൾ മാത്രമാണ് നിലവിലുള്ളത്. തുടങ്ങാത്ത എല്ലാ വാർഡുകളിലും മിനി MCF സ്ഥാപിക്കേണ്ടതായിട്ടുണ്ട്. മിനി MCF ൽ മറ്റ് മാലിന്യങ്ങൾ നിക്ഷേപിക്കുന്നുണ്ടെങ്കിൽ പൊതുജന പങ്കാളിത്തത്തോടെ നിക്ഷേപിക്കുന്നവരെ കണ്ടെത്തി വേണ്ടുന്ന നടപടി സ്വീകരിക്കേണ്ടതുണ്ട്. MCF തലപ്പുഞ്ചയിൽ പഞ്ചായത്തിന്റെ സ്വന്തം സ്ഥലത്ത് പ്രവർത്തിക്കുന്നുണ്ട്. കുടിവെള്ള സൗകര്യം, ടോയ്ലെറ്റ് സൗകര്യം എന്നിവ ഉണ്ട്. MCF ൽ വെയിംഗ് മെഷ്യൻ നിലവിലുണ്ട്. MCF ന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതായുണ്ട്.

# 5. പൊതു ഇടങ്ങൾ, ജലാശയങ്ങൾ ശുചിത്വ സ്ഥിതി

പഞ്ചായത്തിൽ 5 സ്ഥലങ്ങളിലാണ് മാലിന്യം കൂനകൾ (GVP) ഉണ്ടായിരുന്നത്. അത് നീക്കം ചെയ്തു.





*വാർഡ് 8 – കോട്ടച്ചിറ വൈറ്റ് ബ്രിഡ്ജിനോട് ചേർന്ന റോഡിൽ കൂട്ടിയിട്ടിരുന്ന മാലിന്യം നീക്കം ചെയ്യുന്നതിന് മുൻപ് (ചിത്രം 1). മാലിന്യം നീക്കം ചെയ്യുന്നതിന് ശേഷം (ചിത്രം 2, 3)*

- ✓ വാർഡ് 4 – പയ്യാൽ വട്ടപ്പാറ ശ്മശാനത്തിന് ചേർന്ന റോഡ്
- ✓ വാർഡ് 5 – നൃലേലി കനാൽ ബണ്ട് റോഡ്
- ✓ വാർഡ് 8 – കോട്ടച്ചിറ വൈറ്റ് ബ്രിഡ്ജിനോട് ചേർന്ന റോഡ്
- ✓ വാർഡ് 4 – കോട്ടച്ചിറ ഏക്കുന്നം റോഡ്
- ✓ വാർഡ് 5 – മേതല നെല്ലിമോളം റോഡ്

- പയ്യാൽ – കോട്ടപ്പടി റോഡ് മാലിന്യം കൂടി കിടന്നത് നീക്കം ചെയ്തു. (വാർഡ് 4)
- പുന്നയം – മുടിക്കാരായി നെല്ലിക്കാക്കുടി നിരത്തിൽ മാലിന്യം നീക്കം ചെയ്തു.
- ഓടക്കാലി – അശമന്നൂർ – വേങ്ങൂർ റോഡിലെ മാലിന്യം ഗ്രാമപഞ്ചായത്ത് JCB ഉപയോഗിച്ച് നീക്കം ചെയ്ത് ഉദ്യാനമാക്കി മാറ്റി. ഈ ഭാഗത്ത് വീണ്ടും മാലിന്യം വലിച്ചെറിയുന്നതായി കാണുന്നുണ്ട്. ഇത് തടയുന്നതിനായി CCTV ക്യാമറ സ്ഥാപിക്കേണ്ടതാണ്.
- ചെറുകുന്നം – വയക്കര റോഡിന് സമീപം കനാലിൽ ഇപ്പോഴും മാലിന്യം നിക്ഷേപിക്കുന്നുണ്ട്.
- പുന്നയം – മുടക്കിരായി റോഡിൽ മാലിന്യം നിക്ഷേപിക്കുന്നു.
- വഴിപ്പുഴ – വലിയതോട് വാർഡ് 4 ശുചീകരിക്കണം
- നൃലേലി പള്ളി – പാറമട ഭാഗത്ത് വാർഡ് 6 ൽ മാലിന്യം നിക്ഷേപിച്ചിട്ടുണ്ട്. പരിസര വാസികൾ ഹരിതകർമ്മ സേനയോട് സഹകരിക്കുന്നില്ല.
- വാർഡ് 7 ൽ അതിഥി തൊഴിലാളികൾ താമസിക്കുന്ന ഇടങ്ങളിൽ മാലിന്യം വലിച്ചെറിയുന്നു. പ്ലൈവുഡ് കമ്പനികളുടെ മാലിന്യം സമീപ പ്രദേശങ്ങളിലെ കുടിവെള്ളത്തിലും മാലിന്യം ഉണ്ടാകുന്നതിന് കാരണമാകുന്നു.
- നൃലേലി അമ്പലപ്പടി ഭാഗത്ത് കടകളിൽ നിന്നുമുള്ള മാലിന്യം കത്തിക്കുന്നുണ്ട്.
- കോട്ടച്ചിറ ഭാഗത്ത് ഓടകളിലും റോഡിന്റെ വശങ്ങളിലും മാലിന്യം ഉണ്ട്. അതിഥി തൊഴിലാളികൾ താമസിക്കുന്ന ഇടങ്ങളിലും മാലിന്യം ഉണ്ട്. വാച്ചിറ തോട്ടിലേക്ക് കക്കൂസ് മാലിന്യം, കാലിത്തൊഴുത് മാലിന്യം എന്നിവ ഒഴുക്കി വിടുന്നു.
- ഹൈടെക് മുതൽ റോഡിന്റെ വശങ്ങളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ കെട്ടിക്കിടക്കുന്നു.
- കോട്ടച്ചിറ ഭാഗത്ത് രൂക്ഷമായിട്ടുള്ള മാലിന്യ പ്രശ്നം പരിഹരിക്കുന്നതിൽ ബന്ധപ്പെട്ടവർ സത്വര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.
- മേതല തുരങ്കം ഭാഗത്ത് മാലിന്യം ഉണ്ട്. വീണ്ടും മാലിന്യം നിക്ഷേപിച്ചതാണ്.പ്ലൈവുഡ് കമ്പനികളിലെ ദ്രവ മാലിന്യം കുടിവെള്ളം മലിനമാകുന്നതിനും കാരണമാകുന്നുണ്ട്.
- വ്യവസായ ശാലകളിലെ മാലിന്യം പ്രദേശവാസികൾക്ക് പ്രയാസം ഉണ്ടാകുന്നു. (പൂമല പ്ലൈവുഡ് കമ്പനിയിലെ മാലിന്യം)
- PVIP കനാലിൽ പുറത്ത് നിന്നുള്ളവർ മാലിന്യം നിക്ഷേപിക്കുന്നുണ്ട്.
- കട്ടുങ്ങണ – കുറ്റിക്കുഴി തോട് ശുചീകരിക്കണം (വാർഡ് 4)
- വഴിപ്പുഴ തോട് ശുചീകരിക്കണം

- വാർഡ് 14 ൽ പൊതുനിരത്തിൽ മാലിന്യം ഉണ്ട്. പ്ലൈവുഡ് മാലിന്യം ഉണ്ട്
- വാർഡ് 10 ൽ ചെക് ഡാമിൽ മാലിന്യം ഉണ്ട്.
- വാർഡ് 11 ൽ ചെറിയ കനാലിൽ കോഴി ഫാമിൽ നിന്നുമുള്ള മാലിന്യം ഒഴുക്കിയിരിക്കുന്നു.
- 606 ഭാഗത്ത് മാലിന്യം ഉണ്ട്
- കല്ലിൽ സ്കൂൾ അടുക്കളയിൽ നിന്നും ദ്രവ്യ മാലിന്യം റോഡിലേക്ക് ഒഴുകുന്നുണ്ട്.

# 6. ബൾക്ക് വെസ്റ്റ് ജനറേറ്റേഴ്സ്

**ആകെ എണ്ണം / മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ സ്ഥിതി**
**SWM 2016 ചട്ടങ്ങൾ പാലിക്കുന്നുണ്ടോ**
**മാലിന്യ സംസ്കരണ സംവിധാങ്ങൾ മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ, നേട്ടങ്ങൾ പ്രശ്നങ്ങൾ നിർദേശങ്ങൾ**

അശമന്നൂർ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ ബൾക്ക് വെസ്റ്റ് ജനറേറ്റേഴ്സ് ഇല്ല.

# 7. നിയമ നടപടികൾ

**മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട റിപ്പോർട്ട് ചെയ്ത നിയമ ലംഘനങ്ങൾ അവർക്കെതിരെ സ്വീകരിച്ച നടപടികൾ അതിന്റെ ഫലപ്രാപ്തി**

**തദ്ദേശ സ്ഥാപന തല എൻഫോഴ്സ്മെന്റ് ടീമിന്റ പ്രവർത്തനം**

മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കാതെ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്ന 4 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി (വാർഡ് 13). വാർഡ് 13 ലെ അരി കമ്പനിയിൽ നിന്നുമുള്ള മാലിന്യം പ്രദേശ വാസികൾക്ക് പ്രയാസം സൃഷ്ടിക്കുന്നതിനാൽ കമ്പനിക്ക് ഗ്രാമപഞ്ചായത്ത് സ്റ്റോപ്പ് മെമോ നൽകിയിട്ടുണ്ട്. കൂടാതെ വിവിധ കമ്പനികൾക്ക് പിഴ ചുമത്തികൊണ്ടുള്ള നോട്ടീസും പഞ്ചായത്തിൽ നിന്നും നൽകിയിട്ടുണ്ട്.

# 8. ഹരിതകർമ്മ സേന

**ഹരിത കർമ്മ സേനയുടെ സുരക്ഷ, വരുമാനം അടിസ്ഥാന സൗകര്യം**

നിലവിൽ 14 വാർഡുകളിലും 2 അംഗങ്ങൾ വീതം 28 പേർ ഉണ്ട്. മാർച്ച് മാസത്തിന് മുൻപ് 20 പേരാണ് ഉണ്ടായിരുന്നത്. യൂസർ ഫീ ലഭിക്കുന്നതിലും മാറ്റങ്ങൾ ഉണ്ടായി. 2023 മാർച്ചിന് ശേഷമാണ് യൂസർ ഫീ ഇനത്തിൽ കൂടുതൽ തുക ലഭിച്ചുതുടങ്ങിയത്. 2023 ജൂൺ മാസത്തോടെ വരവ് 1,01,000/– രൂപയായി 2023 മാർച്ചിന് മുൻപ് 24,500/– രൂപയാണ്

ഉണ്ടായിരുന്നത്. ഗ്രാമപഞ്ചായത്തിലെ കുടുംബങ്ങളും സ്ഥാപനങ്ങളും കൃത്യമായി തുക നൽകി അജൈവ മാലിന്യം കൈമാറുകയാണെങ്കിൽ കൂടുതൽ തുക ഈ ഇനത്തിൽ ലഭിക്കുന്നതാണ്. അവരുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പരിശീലനം നൽകുകയുണ്ടായി. മാസം തോറും അവലോകന യോഗം ചേർന്ന് നിർദ്ദേശങ്ങൾ നൽകിവരുന്നു. അജൈവ മാലിന്യം MCF ലേക്ക് മാറ്റുന്നതിന് ഗ്രാമപഞ്ചായത്തിന് സ്വന്തമായി വാഹനമുണ്ട്. ഡ്രൈവറുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. ഗവ ഉദ്യോഗസ്ഥർ ഉൾപ്പെടെ യൂസർ ഫീ നൽകുന്നതിന് വിമുഖത കാണിക്കുകയും നിസഹകരിക്കുകയും ചെയ്യുന്നുണ്ട്.

**നിർദ്ദേശങ്ങൾ**

- ഹരിതകർമ്മ സേനയുടെ പ്രവർത്തനത്തിന് പിന്തുണയും പ്രോത്സാഹനവും നൽകുക
- വിമുഖത കാണിക്കുന്ന സർക്കാർ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മേൽ നടപടികൾക്കായി ശുപാർശ ചെയ്യുക. ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനത്തിനും വിവിധ സർട്ടിഫിക്കറ്റുകൾക്കുമായി ഗ്രാമപഞ്ചായത്തിൽ എത്തുന്നവരിൽ നിന്നും യൂസർ ഫീ ഹരിത കർമ്മ സേനയ്ക്ക് നൽകിയതിന്റെ രസീതി പഞ്ചായത്ത് ഓഫീസിൽ സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം ഹാജരാക്കണമെന്നുള്ള നിർദ്ദേശം നൽകുക.
- ഹരിതകർമ്മ സേന അംഗങ്ങക്ക് സുരക്ഷ ഉപകരണങ്ങൾ നൽകുക. (ഹരിതകർമ്മ സേന അംഗങ്ങൾക്ക് കൈയുറ, ബൂട്ട്, കോട്ട്, എന്നീ സുരക്ഷാ ഉപകരണങ്ങൾ നൽകണമെന്ന് ഹരിതകർമ്മ സേന ഫോക്കസ് ഗ്രൂപ്പ് ചർച്ചയിൽ ആവശ്യപ്പെട്ടിട്ടുണ്ട്.)

| **അശമന്നൂർ ഗ്രാമപഞ്ചായത്ത് ഹരിതകർമ്മ സേന യൂസർ ഫീ കളക്ഷൻ – ജൂലൈ 2023** | | |
|---|---|---|
| **വാർഡ് നമ്പർ** | **വാർഡിന്റെ പേര്** | **യൂസർ ഫീ കളക്ഷൻ** |
| 1 | ചെറുകുന്നം | 6250 |
| 2 | പുന്നയം | 10020 |
| 3 | അശമന്നൂർ | 4150 |
| 4 | പയ്യാൽ | 11650 |
| 5 | പനിച്ചയം | 7750 |
| 6 | നൂലേലി വടക്ക് | 11050 |
| 7 | നൂലേലി തെക്ക് | 11200 |
| 8 | ഏക്കുന്നം | 10900 |
| 9 | മേതല വടക്ക് | 9100 |
| 10 | മേതല തെക്ക് | 5250 |
| 11 | കല്ലിൽ | 11500 |
| 12 | തലപുഞ്ച | 10300 |
| 13 | പൂമല | 4500 |
| 14 | ഓടയ്ക്കാലി | 11500 |
| **ആകെ** | | **125120** |

| അശമന്നൂർ ഗ്രാമപഞ്ചായത്ത് – വീടുകളുടെ എണ്ണം | | |
|---|---|---|
| **വാർഡ് നമ്പർ** | **വാർഡിന്റെ പേര്** | **വീടുകളുടെ എണ്ണം** |
| 1 | ചെറുകുന്നം | 433 |
| 2 | പുന്നയം | 442 |
| 3 | അശമന്നൂർ | 471 |
| 4 | പയ്യാൽ | 505 |
| 5 | പനിച്ചയം | 527 |
| 6 | നൂലേലി വടക്ക് | 540 |
| 7 | നൂലേലി തെക്ക് | 521 |
| 8 | ഏക്കുന്നം | 501 |
| 9 | മേതല വടക്ക് | 413 |
| 10 | മേതല തെക്ക് | 490 |
| 11 | കല്ലിൽ | 472 |
| 12 | തലപ്പുഞ്ച | 448 |
| 13 | പൂമല | 377 |
| 14 | ഓടയ്ക്കാലി | 490 |
| **ആകെ വീടുകൾ** | | **6630** |

# 9. ക്യാമ്പയിൻ പ്രവർത്തനങ്ങൾ

**ക്യാമ്പയിന്റെ ഭാഗമായുള്ള പൊതുജന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ**
**ബഹു ജന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഏതൊക്കെ, അവയുടെ പങ്കാളിത്തം ഫലപ്രാപ്തി, അവ ഉണ്ടാക്കിയ മാറ്റങ്ങൾ**
**സവിശേഷമായ പ്രവർത്തനങ്ങൾ**
**നേരിട്ട പ്രശ്നങ്ങൾ, നിർദേശങ്ങൾ**

മാലിന്യമുക്ത നവകേരളം ക്യാമ്പയിന്റെ ഭാഗമായി നടത്തിയ പൊതു ജന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ

| ക്രമ നമ്പർ | പ്രവർത്തനം | എണ്ണം | ആകെ പങ്കാളിത്തം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | വാർഡുതല ശുചിത്വ ആരോഗ്യ സമിതി യോഗങ്ങൾ | 42 | 126 |
| 2 | ബോധവത്കരണ ക്ലാസുകൾ | 88 | 1848 |
| 3 | ബഹുജന റാലികൾ | | |
| 4 | ശുചീകരണ പ്രവർത്തനങ്ങൾ | 168 | 672 |
| 5 | പ്രദർശനങ്ങൾ | | |
| 6 | റസിഡന്റ്സ് അസ്സോസിയേഷൻ യോഗങ്ങൾ | 1 | 9 |
| | ആകെ പങ്കാളിത്തം | 299 | 2555 |

മാലിന്യങ്ങൾ ജൈവം, അജൈവം എന്നിങ്ങനെ തരം തിരിച്ച് ശേഖരിക്കുന്നത് അവ സമയ ബന്ധിതമായി ഹരിത കർമ്മ സേനയ്ക്ക് കൈമാറുന്നതിനും ഗ്രാമപഞ്ചായത്ത് മാലിന്യ മുക്തമാകുന്നതിനും വേണ്ടി ചെയ്യേണ്ട കാര്യങ്ങളെ സംബന്ധിച്ച് വാർഡ് തല ശുചിത്വ സമിതികൾ, ഗ്രാമസഭ യോഗങ്ങൾ, അംഗൻവാടികൾ, എന്നിവിടങ്ങളിൽ ബോധവത്കരണ ക്ലാസുകൾ നടത്തി.

മാലിന്യ സംസ്കരണം സംബന്ധിച്ച ബഹു ഹൈക്കോടതി ഉത്തരവ് തദ്ദേശ സ്വയം ഭരണ വകുപ്പ് സർക്കുലർ പ്രകാരം ചാർച്ച ചെയ്യുന്നതിനായി 28.03.2023 ൽ ഗ്രാമപഞ്ചായത്തിൽ യോഗം കൂടി. ജന പ്രധിനിധികൾ, ഹെൽത്ത് വിഭാഗം, ഉദ്യോഗസ്ഥർ, ആശാവർക്കർ, ഹരിതകർമ്മ സേന അംഗങ്ങൾ, ചാർജ് ഓഫീസർ തുടങ്ങിയവർ പങ്കെടുത്തു. മാലിന്യ സംസ്കരണത്തെക്കുറിച്ച് ചർച്ച ചെയ്തു. മാലിന്യമുക്ത പ്രദേശമാകുന്നതിന് ഉതകുന്ന വിവിധത്തലുള്ള യോഗങ്ങൾ സംഘടിപ്പിച്ചു മാലിന്യ സംസ്കരണത്തെക്കുറിച്ചു ചർച്ച ചെയ്തു. കില റിസോർഴ്സ് പേഴ്സൺ ഹരിതകർമ്മ സേന അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു. ഹരിതകർമ്മ സേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും യോഗത്തിൽ തീരുമാനിച്ചു. പങ്കാളിത്തം 36.

03.05.2023 മാലിന്യ സംസ്കരണവുമായി സർവകക്ഷി യോഗം ഗ്രാമപഞ്ചത്തിൽ കൂടി മാലിന്യ സംസ്കരണവുമായി പ്രശ്നങ്ങളും നിവാരണ മാർഗ്ഗങ്ങളും യോഗത്തിൽ ചർച്ച ചെയ്തു. പങ്കാളിത്തം 32.




*മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് തലത്തിൽ കൂടിയ സർവകക്ഷി യോഗത്തിൽ നിന്ന്*

സ്കൂൾ തലത്തിൽ മാലിന്യം വലിച്ചെറിയരുതെന്നും ഭക്ഷണം പ്ലാസ്റ്റിക് പേപ്പറിൽ കൊണ്ടുവരരുതെന്നും നിർദ്ദേശം നൽകി. സ്കൂൾ മാലിന്യ മുക്തമാകുന്നതിന് വേണ്ടി നടത്തേണ്ട പ്രവർത്തനങ്ങളെ കുറിച്ച് ബോധവത്കരണം നടത്തി. കുടുംബശ്രീയുടെ നേതൃത്വത്തിലും കുടുംബശ്രീ അംഗങ്ങൾക്ക് ബോധവത്കരണ ക്ലാസ് നടത്തിയിട്ടുണ്ട്. (തീയതി : 20.06.2023, 06.07.2023, 07.07.2023, 15.07.2023)

അശമന്നൂർ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലായി 204 വീട്ടുകളിൽ സാമ്പിൾ സർവ്വേ നടത്തിയവയുടെ വിവരങ്ങൾ.

| ക്രമ നമ്പർ | തരം | വീട്ടുകളുടെ എണ്ണം |
|---|---|---|
| 1 | ജൈവ മാലിന്യ സംസ്കരണ ഉപാധികൾ ഉള്ള കുടുംബങ്ങൾ | 29 |
| 2 | യൂസർ ഫീ നൽകി അജൈവ മാലിന്യം കൈമാറുന്ന കുടുംബങ്ങൾ | 174 |

| | | |
|---|---|---|
| 3 | തരം തിരിച്ച് നൽകുന്ന കുടുംബങ്ങൾ | 146 |
| 4 | വാതിൽപ്പടി ശേഖരണം നടത്തുന്നത് | 180 |
| 5 | ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കെടുത്തവർ | 32 |
| 6 | പ്രദേശത്ത് മാലിന്യ കൂനകൾ ഉള്ളത് | 21 |
| 7 | ജല സ്രോതസുകൾ പുനഃരുജ്ജീവിപ്പിച്ചിട്ടുള്ളത് | 136 |
| 8 | നിയമ ലംഘനത്തിന് പിഴ ചുമത്തിയത് | – |
| 9 | ജനകീയ വിദ്യാഭ്യാസ പരിപാടിയിൽ പങ്കെടുത്തവർ | 71 |

**<u>നിർദ്ദേശങ്ങൾ</u>**

താഴെ തട്ടിലേക്ക് അതിഥി തൊഴിലാളികൾക്കും ബോധവത്കരണം നടത്തേണ്ടതുണ്ട്. അതിഥി തൊഴിലാളികൾക്ക് അവരുടെ ഭാഷയിൽ ബോധവത്കരണം നടത്തേണ്ടതുണ്ട്. പ്ലൈവുഡ് കമ്പനി മാനേജ്മെന്റിനും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ബോധവത്കരണം നടത്തണം.




*കുടുംബശ്രീ / ഹരിതകർമ്മ സേന ഫോക്കസ് ഗ്രൂപ്പ് ചർച്ച*




*മാലിന്യമുക്ത നവകേരളം ക്യാമ്പയിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ ചേർന്ന യോഗത്തിൽ നിന്ന്*

## 10. <u>ഗ്രീൻ പ്രോട്ടോകോൾ (ഹരിത പെരുമാറ്റ ചട്ടം)</u>

ഹരിത പ്രോട്ടോക്കോൾ നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചവരും ഒരു തവണ ഉപയോഗിക്കുന്ന ഡിസ്പോസിബിൾ വസ്തുക്കൾ പൂർണ്ണമായും നിരോധിക്കുവാൻ കഴിഞ്ഞു എന്ന് അറിയിച്ച സ്ഥാപനങ്ങൾ.

- ഗ്രാമപഞ്ചായത്ത് ഓഫീസ്, അശമന്നൂർ
- വില്ലേജ് ഓഫീസ്, അശമന്നൂർ
- ഹോമിയോ ആശുപത്രി, അശമന്നൂർ

- ഗവ. ആയുർവേദ ആശുപത്രി, അശമന്നൂർ
- ഗവ. വി. എച്ച്. എസ്. എസ്. ഓടക്കാലി
- ഗവ. ഹൈ സ്കൂൾ കല്ലിൽ
- ഗവ. യു. പി സ്കൂൾ, അശമന്നൂർ

**ഭാഗികമായി നടപ്പിലാക്കുന്ന സ്ഥാപനങ്ങൾ**

- സുഗന്ധ വിള ഗവേഷണ കേന്ദ്രം, അശമന്നൂർ
(പൊതു പരിപാടികളിൽ ക്യാറ്ററിങ്ങ് സ്ഥാപനങ്ങൾ കൊണ്ടുവരുന്ന സാമഗ്രികൾ ഒഴിവാക്കുവാൻ ശ്രമിക്കുന്നതാണെന്ന് അറിയിച്ചു)

**പൂർണ്ണമായും നടപ്പിലാക്കിയ സ്ഥാപനങ്ങൾ**

- ഗവ. മൃഗാശുപത്രി, അശമന്നൂർ

അശമന്നൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടത്തുന്ന വിവാഹം, ആഘോഷം, പൊതുപരിപാടികൾ തുടങ്ങിയവയിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നില്ല. ഇത് അജൈവ മാലിന്യം കൂടുന്നതിന് ഇടയാകുന്നു.

**നിർദ്ദേശങ്ങൾ**

- ഒറ്റപ്രാവശ്യം ഉപയോഗിച്ച് വലിച്ചെറിയുന്ന / ഉപേക്ഷിക്കുന്ന സാധന സാമഗ്രികളുടെ ഉപയോഗം പൂർണ്ണമായും നിർത്തുക
- ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കണമെന്ന് സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുക
- പ്രകൃതിക്ക് ഇണങ്ങും വിധത്തിലുള്ള സാധന സാമഗ്രികൾ ഉപയോഗിക്കുന്നതിനുള്ള സംവിധാനം ഒരുക്കുക. ബദൽ ഉപകരണങ്ങൾ കുടുംബശ്രീ സംവിധാനത്തിലൂടെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക
- ഗ്രീൻ പ്രോട്ടോക്കോൾ (ഹരിത പെരുമാറ്റച്ചട്ടം) പാലിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ചും പ്രാധാന്യത്തെ കുറിച്ചും വിശദീകരിക്കുന്ന ലഘു ലേഖകൾ വീടുകളിലും വിദ്യാലയങ്ങളിലും സ്ഥാപനങ്ങളിലും നൽകുക.
- പഞ്ചായത്ത് പ്രദേശത്ത് നടപ്പാക്കുന്ന പൊതു പരിപാടികളിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നുണ്ടെന്ന് എൻഫോഴ്സ്മെന്റ് ടീം ഉറപ്പുവരുത്തുക

# 11. ഹരിതസഭ റിപ്പോർട്ട്

**ഹരിത സഭയും പൊതു വിലയിരുത്തലും**
**ഹരിതസഭയുടെ വിവരങ്ങൾ അതിന്റെ ഫലപ്രാപ്തി**
**പങ്കാളിത്തം ചർച്ചയുടെ ഗുണപരം**
**സമിതിയ്ക്ക് LSG തലത്തിലുള്ള ക്യാമ്പയിൻ പ്രവർത്തനങ്ങളുടെയും മാലിന്യ സംസ്കരണ സംവിധാനങ്ങളെയും പറ്റിയുള്ള പൊതു വിലയിരുത്തൽ , നിർദേശങ്ങൾ**

അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ ഹരിതസഭ 2023 ജൂൺ 5 ന് അശമന്നൂർ സഹകരണ ബാങ്ക് ഓഡിറ്റോറിയത്തിൽ ഹരിതസഭ നടന്നു ആകെ 144 പേർ പങ്കെടുത്തു. താഴെ പറയുന്ന വിഭാഗങ്ങളിൽ നിന്നും പങ്കാളിത്വം ഉണ്ടായി.

- ഹരിതകർമ്മ സേന
- കുടുംബശ്രീ
- ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ
- അങ്കണവാടി വർക്കർമാർ
- ആശാ പ്രവർത്തകർ
- അദ്ധ്യാപകർ
- പൊതു പ്രവർത്തകർ
- പെൻഷനേഴ്സ്
- വ്യാപാരി വ്യവസായി
- സാക്ഷരതാ പ്രേരക്
- പ്ലൈവുഡ് കമ്പനി പ്രതിനിധികൾ
- ശാസ്ത്ര സാഹിത്യ പരിഷത്
- സഹകരണ ബാങ്ക്
- കില
- കൈമാറ്റം ചെയ്ത വകുപ്പിലെ ഉദ്യോഗസ്ഥർ
- ജന പ്രതിനിധികൾ

പ്ലാസ്റ്റിക് ഉപയോഗത്തിന്റെ ദൂഷ്യ വശങ്ങളെ കുറിച്ച് ചർച്ച ചെയ്തു. ഇതുമൂലം ഉണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ ചർച്ച ചെയ്തു.വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർ പേഴ്സൺ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ആരോഗ്യ വിദ്യാഭാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർ പേഴ്സൺ വിശദീകരിച്ചു. റിപ്പോർട്ടിന്മേൽ ഗ്രൂപ്പ് ചർച്ചകൾ നടത്തി. അതിന്റ അവതരണവും നടത്തി.




*അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ ഹരിതസഭ ഉദ്ഘാടനം*



*അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ ഹരിതസഭ പ്രതിജ്ഞ ചൊല്ലൽ*

**വിലയിരുത്തലും നിർദ്ദേശങ്ങളും**

- ജൈവ മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് വീടുകളിൽ 100% ജൈവ മാലിന്യ സംസ്കരണ ഉപാധികൾ നൽകണം.
- അജൈവ മാലിന്യം യൂസർ ഫീ നൽകി ഹരിത കർമ്മ സേനയ്ക്ക് 100% കൈമാറുന്നതിന് വേണ്ടുന്ന നടപടികൾ സ്വീകരിക്കണം. ഗ്രാമപഞ്ചായത്തിൽ നിന്നും സേവനം ലഭിക്കുന്നതിന് ഇത് നിർബന്ധമാകുന്ന രീതിയിൽ ഹരിതകർമ്മ സേനയുടെ പക്കൽ നിന്ന് സർട്ടിഫിക്കറ്റ് വാങ്ങി ഗ്രാമപഞ്ചായത്തിൽ നൽകണം എന്ന് അറിയിക്കണം.
- പ്ലാസ്റ്റിക് ഉപയോഗം പരമാവധി കുറയ്ക്കുക. ദ്രവ മാലിന്യ സംസ്കരണത്തിന് പ്രാധാന്യം കൊടുക്കുക.
- ജൈവ മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുവാൻ കൈമാറ്റം ചെയ്ത വകുപ്പുകൾക്ക് നിർദേശം നൽകണം. ഇനിയും ജൈവ മാലിന്യ സംസ്കരണം ശാസ്ത്രീയമായി നടത്താത്ത ഗവ സ്ഥാപനങ്ങൾക്ക് അറിയിപ്പ് നൽകണം.
- അജൈവ മാലിന്യം കൈമാറാത്ത വീടുകൾക്കും സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകി യുസർ ഫീ നൽകി അജൈവ മാലിന്യം ശേഖരണം നടത്തണം. മിനി MCF സ്ഥാപിക്കാത്ത എല്ലാ വാർഡുകളിലും സ്ഥാപിക്കണം.
- നിരത്തുകളിലെയും ജലാശയങ്ങളിലെയും മാലിന്യം ഒഴിവാക്കണം.
- പ്ലൈവുഡ് കമ്പനികളിൽ നിന്ന് വരുന്ന മാലിന്യം പ്രദേശ വാസികൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നതായി വിവിധ ഭാഗങ്ങളുടെ ഫോക്കസ് ഗ്രൂപ്പ് ചർച്ചയിൽ അഭിപ്രായപ്പെട്ടു. പല പ്രദേശങ്ങളിലും ഇത്തരത്തിലുള്ള മാലിന്യം കുടിവെള്ളത്തെയും ബാധിക്കുന്നതായി അറിയിച്ചു. പ്രത്യേകിച്ച് കോട്ടച്ചിറ ഭാഗത്തെ സ്ഥിതി അതി രൂക്ഷമാണെന്ന് അറിയിച്ചിട്ടുണ്ട്. ജനകീയ വിദ്യാഭ്യാസ പരിപാടി പ്രകാരം പ്ലൈവുഡ് കമ്പനി മാനേജർമാർക്കും തൊഴിലാളികൾക്ക് അവരുടെ മാതൃ ഭാഷയിലും ബോധവത്കരണം നടത്തണം.

- മാലിന്യം ഒഴിവാക്കിയ പ്രദേശത്ത് വീണ്ടും മാലിന്യം വലിച്ചെറിയുന്ന പ്രവണത കണ്ടുവരുന്നതായി അഭിപ്രായപ്പെട്ടു. CCTV ക്യാമറ ഇതുപോലുള്ള പ്രദേശങ്ങളിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതായുണ്ട്. വിവിധ ജലാശയങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നു. ഡയപ്പർ മുതലായവ ജലാശയങ്ങളിൽ വലിച്ചെറിയുന്നു. സന്നദ്ധസംഘടനകളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ ഇത് തടയുന്നതിന് വേണ്ടി ശ്രമിക്കണം.
- സാനിറ്ററി പാഡ് ശാസ്ത്രീയമായി സംസ്കരിക്കാതെ വലിച്ചെറിയുകയോ കത്തിക്കുകയോ ചെയ്യുന്നു. സ്ത്രീകൾ കൂടുതലായി വരുന്ന ഇടങ്ങളിൽ സാനിറ്ററി പാഡ് ഡിസ്പോസർ സ്ഥാപിക്കണം.
- ആഘോഷങ്ങൾ, ഉത്സവങ്ങൾ എന്നിവയിൽ ഗ്രീൻ പ്രോട്ടോകോൾ പാലിക്കുന്നില്ല. ഒരു പ്രാവശ്യം ഉപയോഗിച്ച് വലിച്ചെറിയുന്ന നിരോധിത സാധന സാമഗ്രികൾ ഇപ്പോഴും ഉപയോഗിക്കുന്നു. കുടുംബശ്രീക്ക് ബദൽ സംവിധാനങ്ങൾ കണ്ടെത്തുവാൻ കഴിയും. നിരോധിത സാധാ സാമഗ്രികളുടെ ഉപയോഗം ഇല്ലാതാക്കുന്നതിന് ഇത് മൂലം സാധിക്കും.
- മാലിന്യം കൂടുതൽ നിക്ഷേപിച്ചിടുന്ന സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുവാൻ പാടില്ല എന്നുള്ള ബോർഡുകൾ സ്ഥാപിക്കുക.

# 12. 2023 – 24 ഏറ്റെടുത്ത പ്രൊജെക്ടുകൾ

**പ്രൊജക്റ്റ് ക്ലിനിക്കിൽ ഏറ്റെടുത്തത്**

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ | പദ്ധതിയുടെ പേര് | വകയിരുത്തിയ തുക |
|---|---|---|---|
| 1 | 174 | ബെയിലിംഗ് മെഷിൻ സ്ഥാപിക്കൽ | 5,00,000 |
| 2 | 175 | ഹരിതകർമ്മ സേന അംഗങ്ങൾക്ക് സുരക്ഷ ഉപകരണങ്ങൾ സജ്ജമാക്കുക | 1,00,000 |
| 3 | 177 | സാനിറ്ററി പാഡ് ഡിസ്ട്രോയർ പദ്ധതി | 50,000 |
| 4 | 179 | മെൻസ്ട്രൽ കപ്പ് വിതരണം | 50,000 |
| 5 | 176 | മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ജനകീയ വിദ്യാഭ്യാസ പദ്ധതി | 25,000 |

**മാലിന്യ പരിപാലനം – പ്രൊജെക്ടുകൾ**

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ | പദ്ധതിയുടെ പേര് | വകയിരുത്തിയ തുക (തനത് ഫണ്ട്) |
|---|---|---|---|
| 1 | 97 | മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ | 98,000 |
| 2 | 153 | സ്മാർട്ട് ഗാർബേജ് മാനേജ്മന്റ് സിസ്റ്റം | 1,00,000 |
| 3 | 154 | ഗാർഹിക ബയോ ഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ | 22,3614 |
| 4 | 161 | മാലിന്യം നിക്ഷേപിക്കുന്ന സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ | 25,000 |
| 5 | 168 | ബയോ ബിൻ | 21,6337 |
| 6 | 169 | അഗ്നി ശമന സുരക്ഷാ ഉപകരണങ്ങൾ വാങ്ങൽ | 50,000 |
| 7 | 170 | ഹരിതകർമ്മ സേന അധിക സഹായം നൽകൽ | 1,00,000 |

# 13. ജനകീയ ഓഡിറ്റ് ടീം അംഗങ്ങളുടെ പേര് വിവരങ്ങൾ

| അശമന്നൂർ ഗ്രാമപഞ്ചായത്ത് – ഹരിതസഭ – സോഷ്യൽ ഓഡിറ്റ് ടീം അംഗങ്ങൾ | | |
|---|---|---|
| ക്രമ നമ്പർ | പേര് | മൊബൈൽ നമ്പർ |
| 1 | ജോഷി പോൾ | 9072011917 |
| 2 | രാജു | 6238272197 |
| 3 | കൃഷ്ണകുമാരി | 9446815673 |
| 4 | കാർത്തു | 8921867156 |
| 5 | പി. കെ. ഉദയനൻ | 9074969820 |
| 6 | എം. കെ. രവി | 9745696802 |
| 7 | വിവേക് എസ്. കുമാർ | 9544121907 |
| 8 | ശ്രീജിത്ത് | 8281690930 |
| 9 | ബിന്ദു ടി. കെ. | 9961131747 |
| 10 | മീനു | 9188397663 |
| 11 | സുജീഷ് | 9544371621 |
| 12 | എൻ. പി. അലിയാർ | 9446139049 |
| 13 | ബിനോയ് | 9447865303 |
| 14 | ഹരികൃഷ്ണൻ | 9544915734 |
| 15 | ഷെമീർ സി. എസ്. | 8593961615 |
| 16 | അനിത ഗോപി | 9446612794 |

- പി. ആർ. വിജയകുമാർ (കോ–ഓർഡിനേറ്റർ) : 9496120346

# 14. ഉപസംഹാരം

വൃത്തിയുള്ള മാലിന്യം വലിച്ചെറിയാത്ത പ്രദേശമായി നമ്മുടെ ഗ്രാമപഞ്ചായത്തിനെ മാറ്റിയെടുക്കാൻ നമുക്ക് ഒരുമിച്ച് നീങ്ങാം. ഇനി പിറക്കാനിരിക്കുന്ന കുഞ്ഞുങ്ങൾക്ക്കൂടി അവകാശപ്പെട്ടതാണ് ഈ ഭൂമി. മണ്ണും വെള്ളവും വായുവും മലിനമാകാതെ നല്ലൊരു നാളെക്കായി ഒരുമയോടെ നമുക്ക് മുന്നേറാം

**എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം**

**അജൈവ മാലിന്യം യൂസർ ഫീ നൽകി ഹരിത കർമ്മ സേനയ്ക്ക് കൈമാറുക**

**ഗ്രീൻപ്രോട്ടോക്കോൾ (ഹരിത പെരുമാറ്റ ചട്ടം) പാലിക്കുക**

